പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5917 — 8.7.2013-ൽ മറുപടിക്ക്

## സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണശാല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>,, കെ. ശിവദാസൻ നായർ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, പി. എ. മാധവൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണ ശാല നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | ബി) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ മലിനജല സംസ്കരണപ്ലാന്റുകളിൽ സെപ്റ്റേജ് കൂടി സംസ്കരിക്കുന്ന രീതി നടപ്പിലാക്കാനും മറ്റുജില്ലകളിൽ സെപ്ടിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| സി) | ഏതു പദ്ധതിയുടെ ഭാഗമായാണ് ഇതു നടപ്പാക്കാനുദ്ദേശിക്കുന്നത് ; | സി) | ശുചിത്വമിഷന്റെ "ശുചിത്വകേരളം" പദ്ധതിയിലും "മാലിന്യസംസ്കരണം" പദ്ധതിയിലും ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിന് സഹായം നൽകുന്നത്; | ഡി) | ഏഷ്യൻ വികസന ബാങ്ക്, നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം എന്നീ ഏജൻസികളാണ് സഹായം നൽകുന്നത്. കൂടാതെ കെ.എസ്.യു.ഡി.പി പ്രൊക്യൂർമെന്റ് ഏജൻസിയായും ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്തുകൾ നിർവ്വഹണ ഏജൻസികളായും പ്രവർത്തിക്കുന്നു. |
| ഇ) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | ഇ) | സെപ്ടിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് ജില്ലാതലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ KSUDP യുടെ പ്രോജക്റ്റിന്റെ ഭാഗമായി നടപ്പി ലാക്കിവരുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ സെപ്റ്റേജും സംസ്കരിക്കുന്ന നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതു കൂടാതെ പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, മലപ്പുറം, പാലക്കാട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിൽ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള Stand Alone Septage Treatment Plant-കൾ സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ